## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4776 01-07-2013-ലെ മറുപടിയ്ക്ക്

### പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡ് ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ചുമതല ഐ. എം. ജി. യെ ഏൽപ്പിക്കുകയും 2011 ലെ അവാർഡ് ഐ.എം.ജി.യിൽ വച്ച് നടന്ന ചടങ്ങിൽ 2013 മാർച്ച് 12 -ന് വിതരണം ചെയ്യുകയും ചെയ്തു. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സർക്കാർ നടപടി ക്രമങ്ങൾ ലഘുകരിക്കുക, പൊതുസേവനങ്ങൾ വേഗത്തിലും, കൃത്യമായും ലഭ്യമാക്കുക, പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ |
| (സി) എന്തെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;<br><br>ഡി) പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്? | (സി) യും ഡി) യും സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് യൂണിറ്റുകൾ, പൊതുമേഖല / സ്വയംഭരണ സ്ഥാപനങ്ങൾ നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് (NGOs) എന്നീ സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ സ്വീകരിക്കുന്നു. Public Service Delivery (പൊതുജന സേവനപ്രദാനം), പേഴ്സണൽ മാനേജ്മെന്റ്, Procedural Interventions (നടപടിക്രമത്തിലെ ഇടപെടലുകൾ, Developmental Interventions (വികസനോൻമുഖ |

ഇടപെടലുകൾ) എന്നിങ്ങനെ 4 വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. Developmental Interventions (വികസനോന്മുഖ ഇടപെടലുകൾ) വിഭാഗത്തിൽ വിദ്യാഭ്യാസ വകുപ്പിൽ (O/o DDE, എറണാകുളം) ശ്രീ. പി. രാജീവ്, എം.പി.യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ Shuchi@School പദ്ധതി അവാർഡിന് തെരഞ്ഞെടുത്തു.

പേഴ്സണൽ മാനേജ്മെന്റ് വിഭാഗത്തിൽ അനുയോജ്യമായ എൻട്രി ലഭിക്കാതിരുന്ന തിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകിയില്ല. പൊതുജന സേവനപ്രദാനം (Public Service Delivery) വിഭാഗത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് പദ്ധതിയ്ക്കും, പോലീസ് വകുപ്പ് ശബരിമലയിൽ നടപ്പിലാക്കിയ ശബരിമല വെബ്പോർട്ടൽ & വെർച്ചൽ ക്യൂ കൂപ്പൺ സമ്പ്രദായത്തിനും അവാർഡ് നൽകുന്നതിന് തിരഞ്ഞെടുത്തു. Procedural Interventions (നടപടിക്രമത്തിലെ ഇടപെടലുകൾ) വിഭാഗത്തിൽ വാണിജ്യ നികുതിവകുപ്പ് നടപ്പിലാക്കിയ e-Tax Administration പദ്ധതി അവാർഡിന് അർഹമായി.

2011 ലെ അവാർഡുകൾ ഐ.എം.ജി.യിൽ വച്ച് നടന്ന ചടങ്ങിൽ 2013 മാർച്ച് 12 ന് വിതരണം ചെയ്തു. 2012 ലെ അവാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(signature)
സെക്ഷൻ ഓഫീസർ